# ഭരണഭാഷ മാതൃഭാഷ

കേരള സർക്കാർ

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്,

നം.27050/ഇ2/12/പജ.പവ.വിവ.

തിരുവനന്തപുരം,
തീയതി, 26/11/12.

## സർക്കുലർ

വിഷയം:- പജപവവിവ- ഹരിജൻ, ഗിരിജൻ, ദളിത് എന്നി പദങ്ങൾ ഉപയോഗിക്കുന്നതിൽ നിരോധനം-കർശനമായി പാലിക്കണമെന്ന് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1) 5/11/2008-ലെ 22198/ഇ2/പജപവവിവ നമ്പർ സർക്കുലർ
2) 5/10/12-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഡെവ.എ3-23172/12 നമ്പർ കത്ത്.

---------------

ഹരിജൻ, ഗിരിജൻ, ദളിത് എന്നീ പദങ്ങൾ ഭരണഘടനാ വിരുദ്ധമായതിനാൽ അത്തരം പദങ്ങൾക്ക് പകരം എല്ലാ കത്തിടപാടുകളിലും പ്രസിദ്ധീകരണങ്ങളിലും ' പട്ടികജാതി ' 'പട്ടികഗോത്രവർഗ്ഗം' എന്നീ പദങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് എല്ലാ സർക്കാർ വകുപ്പുതലവൻമാർക്കും, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും സൂചന ഒന്നിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ഈ സർക്കുലർ നിലവിൽ വന്നശേഷവും ഹരിജൻ, ഗിരിജൻ, ദളിത് എന്നീ പദങ്ങൾ ഇപ്പോഴും സെമിനാറുകളിലും, നോട്ടീസുകളിലും ഉപയോഗിക്കുന്നുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് എല്ലാ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവന്മാർ ഉറപ്പു വരുത്തണമെന്നും എല്ലാ കത്തിടപാടുകളിലും മറ്റു പ്രസിദ്ധീകരങ്ങളിലും പരസ്യങ്ങളിലും പട്ടികജാതി, പട്ടികഗോത്രവർഗ്ഗം എന്നീ പദങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും എല്ലാ സർക്കാർ തലവന്മാരും എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളുടെ തലവന്മാരും അവരുടെ കീഴിലുള്ള എല്ലാ ആഫീസർക്കും കർശനമായ നിർദ്ദേശം നൽകുവാനും നിർദ്ദേശിക്കുന്നു.

ഡോ.ദേവേന്ദ്രകുമാർ ദൊധാവത്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു മേധാവികൾക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുകൾക്കും
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം).
സെക്രട്ടറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ. II ) വകുപ്പ് (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ